**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1927** **15-03-2022 - ൽ മറുപടിയ്ക്ക്**

**മാതൃകാ മൃഗാശുപത്രികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **null**<br>**(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ മാതൃകാ മൃഗാശുപത്രികൾ നിലവിലുണ്ടോയെന്നും അവ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ മാതൃകാ മൃഗാശുപത്രികൾ നിലവിലില്ല. മാതൃകാ മൃഗാശുപത്രികൾ മൃഗസംരക്ഷണ വകുപ്പിൽ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ ആലോചിച്ചുവരികയാണ്. |
| (ബി) | സഞ്ചരിക്കുന്ന മൃഗാശുപത്രി സംവിധാനം ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്നുണ്ടോ;വ്യക്തമാക്കുമോ? | (ബി) | കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ആദ്യപടിയായി 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സജ്ജീകരിക്കുന്നതിനുള്ള വാഹനങ്ങൾ വാങ്ങുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ RKI പദ്ധതി പ്രകാരം അത്യാധുനിക ചികിത്സാ സൗകര്യങ്ങളുള്ള 12 ടെലി വെറ്ററിനറി യൂണിറ്റുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. ഈ വർഷം തന്നെ ഈ രണ്ട് പദ്ധതികളും ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ